# കടലേകും കനിവുകൾ

*എഡിറ്റിംഗ് :*

**എൻ.ജി.മേനോൻ**

**വി.ശശികുമാർ**

കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം, കൊച്ചി
ആകാശവാണി, തൃശൂർ

Malayalam

# KADALEKUM KANIVUKAL

*Edited by :*

**N. G. MENON**

**V. SASI KUMAR**

*Published by :*

**Dr. M. DEVARAJ,** Director, CMFRI, Kochi
and
Station Director, AIR, Trichur

*Editorial Assistance :*

BALU S.

SIMMY GEORGE

© 1998, Central Marine Fisheries Research Institute, Cochin - 14

Printed at PAICO, Cochin, S. India

# 1. ഇന്ത്യയുടെ സമുദ്ര മത്സ്യബന്ധന മേഖല

എം.കെ.ആർ.നായർ

*ഐ.എഫ്.പി., കൊച്ചി.*

ഭാരതം സമുദ്ര സമ്പത്തുകൊണ്ടു അനുഗൃഹീതമായ ഒരു ഉപഭൂഖണ്ഡമാണ്. 3.3ദശലക്ഷം വിസ്തൃതിയുള്ള നമ്മുടെ രാജ്യത്തിന്റെ തീരപ്രദേശത്തിന് 8129 കിലോ മീറ്റർ ദൈർഘ്യമുണ്ട്. ഗുജറാത്ത്, മഹാരാഷ്ട്ര, ഗോവ, കർണ്ണാടകം,കേരളം എന്നീ സംസ്ഥാനങ്ങളെ അതിരിട്ടു കൊണ്ടു അറബിക്കടലും, തമിഴ്നാട്, പോണ്ടിച്ചേരി, ആന്ധ്രാപ്രദേശ്, ഒറീസ്സ, പശ്ചിമബംഗാൾ എന്നീ സംസ്ഥാനങ്ങളെ അതിരിട്ടുകൊണ്ടു ബംഗാൾ ഉൾക്കടലും സ്ഥിതി ചെയ്യുന്നു. ഇതിനു പുറമെ അറബിക്കടലിൽ ലക്ഷദ്വീപു സമൂഹങ്ങൾക്കും ബംഗാൾ ഉൾക്കടലിൽ ആൻഡമാൻ നിക്കോബാർ ദ്വീപു സമൂഹങ്ങൾക്കും ചുറ്റിനുമുള്ള സമുദ്രത്തിന്റെ അധീശത്വവും നമുക്കുണ്ട്. കടൽ തീരത്തു നിന്നും 200 നാവിക മൈൽ വരെയുള്ള സമുദ്രത്തിന്റെ സാമ്പത്തിക പരമാധികാരം നമുക്കുണ്ട്. ഈ സമുദ്രഭാഗത്തെ Exclusive Economic Zone അഥവാ EEZ എന്നു വിളിക്കുന്നു. 2.02 ദശലക്ഷം ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള ഈ മേഘലയിലെ ജൈവ ധാതു വിഭവങ്ങളെ ചൂഷണം ചെയ്യാനും നിയന്ത്രിക്കാനും പരിപോഷിപ്പിക്കാനുമുള്ള സമസ്താവകാശങ്ങളും നമ്മുടെ രാജ്യത്തിൽ നിക്ഷിപ്തമാണ്.

നമ്മുടെ EE ന് അകത്തുനിന്നും പരമാവധി ഉത്പാദിപ്പിക്കാവുന്ന മത്സ്യ സമ്പത്തിന്റെ അളവ് 3.9 ദശലക്ഷം ടൺ ആണെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു. ഇതിൽ 2.21 ദശലക്ഷം ടൺ തീരക്കടൽ പ്രദേശത്തു നിന്നും 1.69 ദശലക്ഷം ടൺ ദൂരക്കടൽ - ആഴക്കടൽ പ്രദേശത്തുനിന്നും ഉത്പ്പാദിപ്പിക്കാമെന്നാണ് ശസ്ത്രീയ നിഗമനം.

സമുദ്ര ജലത്തിൽ വിവിധ സസ്യപ്ലവകങ്ങളും, ജന്തുപ്ലവകങ്ങളും, മത്സ്യ വർഗ്ഗങ്ങളും മറ്റു സമുദ്രജലജീവികളും വസിക്കുന്നു. നദികൾ ഒഴുക്കികൊണ്ടു വരുന്ന ജൈവപദാർത്ഥങ്ങളും കടലിൽത്തന്നെ ജീവിച്ചു മരിക്കുന്ന ജീവികളുടെ ശരീരാവശിഷ്ടങ്ങളും സമുദ്ര ജലത്തെ വളക്കൂറുള്ളതാക്കുന്നു. ഈ ജലത്തിലെ സസ്യപ്ലവകങ്ങളും അവയെ ഭക്ഷിച്ചു ജീവിക്കുന്ന ജന്തുപ്ലവകങ്ങളുമാണ് സമുദ്രത്തിലെ ഭക്ഷ്യ ചങ്ങല

(Food Chain) യുടെ ആദ്യ കണ്ണികൾ. മത്സ്യവർഗ്ഗങ്ങൾ ഈ പ്ലവകങ്ങളെ കൂടാതെ 'തന്നിലെളിയത് തനിക്കിര' എന്ന സാമാന്യ തത്വത്തെ ആസ്പദമാക്കി മറ്റു മത്സ്യങ്ങളെയും ചിലവ സ്വജാതിയെ തന്നെയും, തങ്ങളുടെ ഭക്ഷണമാക്കുന്നു. സമുദ്രത്തിന്റെ അടിത്തട്ടിൽ ജീവിക്കുന്ന മിക്ക മത്സ്യങ്ങളും മുകളിൽ നിന്നു അടിത്തട്ടിലേക്കു താഴുന്ന സസ്യ-ജന്തു ശരീരങ്ങളുടെ ജീർണ്ണാവശിഷ്ടങ്ങൾ ഭക്ഷിക്കുന്നവയാണ്. ഭക്ഷണത്തിന്റെ ഏറ്റക്കുറച്ചിൽ മത്സ്യത്തിന്റെ ലഭ്യതയെ ബാധിക്കുന്ന സുപ്രധാനഘടകമാണ്. കടൽ മത്സ്യങ്ങളെ അവയുടെ ആവാസ സ്ഥാനമനുസരിച്ച് ഉപരിതലത്തിലും അതിനുതൊട്ടു താഴെയും വസിക്കുന്നവ, അടിത്തട്ടിൽ വസിക്കുന്നവ, മദ്ധ്യതലത്തിൽ വസിക്കുന്നവ എന്നിങ്ങനെ മൂന്നായി തരംതിരിക്കാം.

തീരത്തുനിന്നും ചാഞ്ഞ കടലിന്റെ അടിത്തട്ടായി വ്യാപിച്ചു കിടക്കുന്ന ക്രമാനുഗതമായി ആഴം കൂടിവന്ന് പൊടുന്നനവെ ആഴക്കടലായി മാറുന്നതുവരെയുള്ള ഈ അടിത്തട്ടിന് വൻകരത്തിട്ട അഥവാ കോൺടിനന്റൽ ഷെൽഫ് എന്നു വിളക്കുന്നു. നമുക്കു പരിചിതങ്ങളും പ്രിയങ്കരങ്ങളുമായ പല മത്സ്യവർഗ്ഗങ്ങൾ വളരുന്നതും പെറ്റു പെരുകുന്നതും ഈ പ്രദേശത്താണ്. ഭൂപ്രകൃതിയുടെ പ്രത്യേകതയനുസരിച്ച് കരയിൽ നിന്നും അഞ്ചുമുതൽ ഇരുനൂറു മൈൽ വരെ വരുന്നതാണ് ഈ തിട്ട. വൻകരത്തിട്ടയുടെ അറ്റത്തു നിന്നും കുത്തനെ ചെരിഞ്ഞിറങ്ങുന്ന അടിത്തട്ടിനെ വൻകരചായ്‌വ് അഥവാ Continental Slope എന്നുവിളിക്കുന്നു. ഈ ചെരുവിലും ആഴക്കടലിലും വ്യത്യസ്തമായ സമുദ്രജീവികളാണ് അധിവസിക്കുന്നത്. ചാള, അയല എന്നിവ തിട്ട പ്രദേശത്ത് ഉപരിതലത്തിനടുത്തും, ചെമ്മീൻ,മാന്തൽ, ചെമ്പല്ലി എന്നിവ അടിത്തട്ടിലും, ആകോലി, നെയ്മീൻ, ചൂര, കൂന്തൽ, പാമ്പാട എന്നിവ മദ്ധ്യഭാഗത്തുമാണ് കാണപ്പെടുന്നത്. ആഴക്കടൽ കൊഞ്ചും ചിലയിനം ചെമ്പല്ലി വർഗ്ഗങ്ങളും കോൺടിനന്റൽ സ്ലോപ്പിലും അതിനുപുറത്തും കാണപ്പെടുന്നു. വലിയയിനം ചൂരകൾ, സ്രാവ് എന്നിവ ആഴക്കടൽ ഭാഗത്ത് ഉപരിതലത്തിനടുത്തും, മദ്ധ്യഭാഗത്തും വസിക്കുന്നവയാണ്.

ഭക്ഷ്യ യോഗ്യമായ നമ്മുടെ സമുദ്രമത്സ്യ സമ്പത്തിനെ പ്രധാനമായും കൊഞ്ച്, ചെമ്മീൻ, ഞണ്ടുവർഗ്ഗങ്ങൾ വൈവിദ്ധ്യമായ മത്സ്യ ഇനങ്ങൾ, കൂന്തൽ, കണവ വർഗ്ഗങ്ങൾ എന്നിങ്ങനെ മൂന്നായി തരം തിരിക്കാം. ഇവയിൽ കൊഞ്ച്, ചെമ്മീൻ, ഞണ്ട്, കൂന്തൽ, കണവ വർഗ്ഗങ്ങളും കയറ്റുമതിക്കനു യോജ്യമായതിനാൽ വാണിജ്യപരമായി പ്രാധാന്യമർഹിക്കുന്നു. ഇവക്കു പുറമേ അടുത്തകാലത്തായി മത്സ്യ വർഗ്ഗങ്ങളിൽ ആവോലി, നെയ്മീൻ, ചെമ്പല്ലി, പാമ്പാട എന്നിവയും നമ്മുടെ കയറ്റുമതി പട്ടികയിൽ സ്ഥാനം നേടിയിട്ടുണ്ട്.

സമുദ്ര മത്സ്യബന്ധനം രാജ്യത്തെ 1400റോളം കടലോരഗ്രാമ വാസികളുടെ ജീവിത വൃത്തിയാണ്. ഏകദേശം പതിനൊന്നേകാൽ ലക്ഷം ആളുകൾ മുഴുവൻ സമയ മത്സ്യബന്ധന തൊഴിലിലും, അഞ്ചേമുക്കാൽ ലക്ഷം ആളുകൾ പാർട്ട്ടൈം ആയും ഈ മേഘലയിൽ പ്രവർത്തിക്കുന്നുണ്ട്. ഇതു കൂടാതെ ഏകദേശം പതിനഞ്ചു ലക്ഷം പേർ ഇടവേളകളിൽ മത്സ്യബന്ധനത്തിൽ ഏർപ്പെട്ടും അല്ലാത്തപ്പോൾ അനുബന്ധ വ്യവസായ ങ്ങളിൽ ഏർപ്പെട്ടും ജീവിതം പുലർത്തുന്നുണ്ട്.

ഇന്ന് നമ്മുടെ മത്സ്യബന്ധനരംഗം ഒരു വ്യവസായത്തിന്റെ സ്വഭാവ മാർജ്ജിച്ചു കഴിഞ്ഞിരിക്കുകയാണ്. ഇതിന്റെ സുപ്രധാന ഘടകങ്ങൾ മത്സ്യ ബന്ധനം സംസ്കരണം, കയറ്റുമതി, ആന്തരിക വിപണനം എന്നിവയാണ്. ഇതു കൂടാതെ വല നിർമ്മാണം വള്ളങ്ങളുടെയും, ബോട്ടുകളുടെയും നിർമ്മാണവും അറ്റകുറ്റ പണിയും മറൈൻ എഞ്ചിനീയറിംഗ് എന്നീ അനുബന്ധ-പൂരക വ്യവസായങ്ങളും ഇതൊന്നിച്ചു വളർന്നിരിക്കുന്നു.

സമുദ്രമത്സ്യോൽപ്പാദന രംഗത്ത് ഭാരതം പ്രകടമായ വളർച്ചയാണ് കൈവരിച്ചിരിക്കുന്നത്. 1951-ൽ 5.3 ലക്ഷം ടണ്ണായിരുന്ന മത്സ്യോൽപ്പാദനം 1996-ൽ 26 ലക്ഷം കവിഞ്ഞു. പരമ്പരാഗത മത്സ്യബന്ധനയാനങ്ങളുടെ യന്ത്രവൽക്കരണവും, നവീന മത്സ്യബന്ധനതന്ത്രങ്ങളുടെ ഉപയോഗവും ഈ വളർച്ചക്ക് ആക്കം കൂട്ടിയ പ്രധാനഘടകങ്ങളാണ്. അടിസ്ഥാന സൗകര്യങ്ങളുടെ ഭാഗമായി നാലു വൻകിട മത്സ്യബന്ധന തുറമുഖങ്ങളും 25 ചെറുകിട മത്സ്യബന്ധന തുറമുഖങ്ങളും 98 മത്സ്യത്തുറകളും ഇതിനകം പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്. 1992-93ലെ സ്ഥിതിവിവരകണക്ക നുസരിച്ച് തീരപ്രദേശങ്ങളിൽ പ്രവർത്തിച്ചുവരുന്ന ഒരു ലക്ഷത്തി എഴുപത്തി രണ്ടായിരത്തിൽപരം പരമ്പരാഗത മത്സ്യബന്ധന യാനങ്ങളിൽ ഇരുപത്തി അയ്യായിരത്തിൽപരം എണ്ണം യന്ത്രവൽക്കരണം ചെയ്തിട്ടുണ്ട് ഇതിനു പുറമേ മുപ്പത്തിഅയ്യായിരത്തോളം മത്സ്യബന്ധന യന്ത്രവൽകൃത ബോട്ടുകളും നൂറ്റിഇരുപതോളം വൻകിട കപ്പലുകളുമാണ് ഈ രംഗത്ത് മത്സ്യഉൽപ്പാദനം നടത്തിവരുന്നത്.

കേവലം 590 കിലോമീറ്റർ മാത്രം ദൈർഘ്യമുള്ള കേരളത്തിന്റെ പുറത്തുള്ള കോൺടിനെന്റൽ ഷെൽഫിന്റെ വിസ്തൃതി ഏകദേശം നാൽപതിനായിരം ചതുരശ്ര കി.മീ. ആണ്. ഏകദേശം 50 മീറ്റർ വരെ ആഴം വരുന്ന നമ്മുടെ തീരപ്രദേശത്തു നിന്നും ഏഴ് ലക്ഷം ടൺ ഉൽപാദനം സാദ്ധ്യമാണെന്ന് കണക്കാക്കിയിരിക്കുന്നു. സംസ്ഥാനത്തിന്റെ ഇപ്പോഴത്തെ സമുദ്രമത്സ്യോൽപാദനം ആറുലക്ഷം ടണ്ണിന് താഴെയാണ്. ഉദ്ദേശം 3ലക്ഷത്തോളം മുഴുവൻ സമയതൊഴിലാളികൾക്കും എൺപെത്തെ-

ണ്ണായിത്തോളം പാർട്ട്ടൈം മത്സ്യബന്ധനത്തൊഴിലാളികൾക്കും പുറമെ ഒരു ലക്ഷത്തി പതിനേഴായിരത്തോളം തൊഴിലാളികൾ ഇടവേളകളിൽ മത്സ്യ ബന്ധനത്തിലും അനുബന്ധ വ്യവസായത്തിലും നമ്മുടെ സംസ്ഥാനത്ത് വ്യാപൃതരാണ്.

മത്സ്യസംസ്കരണ രംഗത്തെ അടിസ്ഥാന സൗകര്യത്തിന്റെ കാര്യത്തിൽ കേരളം മുൻപന്തിയിലാണ്. രാജ്യത്തൊട്ടാകെ 308 ഫ്രീസിങ് പ്ലാന്റുകളും 380 ശീതസംഭരണികളും 880 പീലിംങ് ഷെഡുകളും 23 കാനിങ് പ്ലാന്റുകളും 133 ഐസ് പ്ലാന്റുകളും ഉള്ളതിൽ സിംഹഭാഗവും നമ്മുടെ സംസ്ഥാനത്താണ്. എന്നിരിക്കലും ഉൽപാദനത്തിന്റെ 80% ആന്തരിക വിപണിയിൽത്തന്നെയാണ് വില്ക്കപ്പെടുന്നത്. ഇതിൽത്തന്നെ 65 ശതമാനത്തിലധികവും സംസ്കരിക്കാതെത്തന്നെയാണ് വിപണനം ചെയ്യപ്പെടുന്നത്. സംസ്കരണശേഷിയുടെ ഇരുപതു ശതമാനത്തോളമേ ഇന്ന് നാം ഉപയോഗിക്കുന്നുള്ളു. 1994-95 സാമ്പത്തിക വർഷത്തിൽ രണ്ടുലക്ഷത്തി എൺപത്തിയേഴായിരത്തിൽപരം മെട്രിക്ക് ടൺ സംസ്കരിച്ച് മത്സ്യ വിഭവങ്ങൾ കയറ്റി അയക്കുക വഴി മൂവായിരത്തി മുന്നൂറിൽ പരം കോടി രൂപയുടെ വിദേശ നാണ്യം നമ്മുടെ രാജ്യം നേടുകയുണ്ടായി. സംസ്ക്കരണശാലയുടെ മുഴുവൻ ശേഷിയും ഉപയോഗിച്ച് മൂല്യവർദ്ധനവു നടത്തി കൂടുതൽ മത്സ്യം കയറ്റി അയക്കുകയും, ആന്തരികവിപണിയിൽ ഗുണമേൻമയുള്ള മത്സ്യ വിഭവങ്ങൾ എത്തിക്കുകയും വഴി ഉൽപാദകന് മെച്ചപ്പെട്ട വരുമാനം ലഭ്യമാക്കാം.

മത്സ്യോൽപാദനവും, സംസ്കരണവും വിപണനവും പോലെത്തന്നെ പ്രാധാന്യമർഹിക്കുന്ന മേഖലയാണ് വിഭവസംരക്ഷണം. മത്സ്യബന്ധന യൂണിറ്റു കളുടെ വർദ്ധനവും ആധുനിക സാങ്കേതിക വിദ്യകൾ നല്കുന്ന അധികരിച്ച ശേഷിയും പ്രതിശീർഷം മത്സ്യോൽപ്പാദനത്തിൽ വമ്പിച്ച കുറവു വരുത്തിയിട്ടുണ്ട്. മറ്റേതൊരു പ്രകൃതി വിഭവത്തേയും പോലെ സമുദ്ര മത്സ്യവിഭവവും അക്ഷയമല്ലെ ന്നാണ് ഇതു സൂചിപ്പിക്കുന്നത്. പിടിച്ചെടുത്ത മത്സ്യത്തിന്റെ പരമാവധി ഉപഭോഗം നേടിയെടുക്കുകയും മത്സ്യ സമ്പത്തിന്റെ ശാസ്ത്രീയമായ ചൂഷണത്തോടൊപ്പം അതിന്റെ സംരക്ഷണവും പരിപാലനവും ഉറപ്പു വരുത്തുകയാണ് ഇതിനുള്ള പരിഹാരമാർഗ്ഗങ്ങൾ.

മത്സ്യബന്ധന പ്രക്രിയക്കിടയിൽ തങ്ങൾക്കുമെച്ചപ്പെട്ട വില ലഭി ക്കാത്ത മത്സ്യങ്ങളെ പിടിച്ച ശേഷം കടലിലേക്കു തന്നെ തള്ളിക്കള യുന്നതുവഴി ആഗോളതലത്തിൽ വരുന്ന ഉൽപാദനനഷ്ടം നിരവധി ലക്ഷം ടൺ വരുമെന്നാണ് കണക്കുകൾ സൂചിപ്പക്കുന്നത്. അതുപോലെത്തന്നെ മത്സ്യം ധാരാളമായി വന്നിറങ്ങുന്ന സന്ദർഭങ്ങളിൽ സംസ്കരണ-സംഭരണ

രംഗത്തുള്ള അപാകതകൾ കാരണം വിലയിടിവും, അതിനെത്തുടർന്നുള്ള പാഴായിപ്പോകലും തീരദേശങ്ങളിൽ പതിവു സംഭവങ്ങളാണ്. ജന സംഖ്യയുടെ നല്ലൊരു ശതമാനം പോഷ കാഹാരക്കമ്മിയുടെ യാതനകൾ അനുഭവിക്കുമ്പോൾ ഇത്തരം ഉൽപ്പാദന നഷ്ടം ഒഴിവാക്കി മത്സ്യത്തിന്റെ പരമാവധി ഉപഭോഗം ഉറപ്പു വരുത്തേണ്ടതാണ്. തീര ദേശത്ത് സഹകരണാടി സ്ഥാനത്തിൽ ചിലവുകുറഞ്ഞ മത്സ്യ സംസ്കരണ തന്ത്രങ്ങൾ പ്രചരിപ്പിക്കാൻ കൊച്ചിയിലെ ബന്ധപ്പെട്ട സ്ഥാപനങ്ങൾ തുടക്കമിട്ടിട്ടുണ്ട്. അഭ്യസ്ഥ വിദ്യകളായ തീരദേശ വനിതകൾക്ക് തൊഴിൽ കണ്ടെത്താൻ കേരള വനിതാ വികസന കോർപ്പറേഷൻ ഈ സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി തുടങ്ങിയിരിക്കുന്നു.

മത്സ്യങ്ങളുടെ പ്രജനനകാലത്ത് മത്സ്യബന്ധനം നിരോധിക്കൽ, മത്സ്യ ബന്ധനമേഘലയിൽ വർദ്ധിച്ച ഉൽപ്പാദനക്ഷമതയുള്ള വിദ്യകൾ നിയന്ത്രി ക്കൽ വലകളുടെ കണ്ണികളുടെ വലിപ്പത്തിലുള്ള നിയന്ത്രണം എന്നിവ പ്രജനനത്തിനും വംശവർദ്ധനവിനും സഹായകമാകും. കടലോരത്തി ന്റെയും, കടലിലേക്കൊഴു കിയെത്തുന്ന നദികളുടെയും പരിസ്ഥിതിയുടെയും ശുചിത്വം, കടലിൽ മത്സ്യ കുഞ്ഞുങ്ങളെ വിതക്കൽ, കടലിലും, കായലിലും മത്സ്യം വളർത്തൽ എന്നീ സമീപനങ്ങളും ഇതര രാജ്യങ്ങളിൽ പ്രാവർത്തി കമാക്കി വരുന്നുണ്ട്. നമ്മുടെ ജലാതിർത്തിക്കകത്ത് അനധികൃതമായി മത്സ്യബന്ധനം തടയേണ്ടതും ഈ സമ്പത്തിന്റെ സംരക്ഷണം ഉറപ്പു വരുത്തുവാൻ ആവശ്യമാണ്. സംശയകരമായ സാഹചര്യത്തിൽ കണ്ടെത്തുന്ന വിദേശകപ്പലുകളെ പറ്റിയുള്ള വിവരങ്ങൾ അധികൃതരെ അറിയിക്കുക വഴി മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് ഈ പ്രക്രിയയിൽ ഭാഗ ഭാക്കാവാൻ കഴിയും.

ഉപഗ്രഹ സാങ്കേതിക വിദ്യകൾ വഴിയും മത്സ്യശേഖരങ്ങളെ കുറിച്ചുള്ള വിവരങ്ങൾ മത്സ്യത്തൊഴിലാളികൾക്ക് എത്തിച്ചു കൊടുക്കുന്ന പുതിയ പദ്ധതികൾ നിലവിൽ വന്നുകഴിഞ്ഞു. കടലിൽ ഉദ്ദേശിക്കുന്ന സ്ഥലത്ത് മത്സ്യ കൂട്ടത്തിലേക്ക് കൃത്യമായി എത്തിച്ചേരാൻ സഹായിക്കുന്ന നവീന നാവിക സഹായികളും ഇന്ന് ലഭ്യമാണ്. ഈ സേവനം മൂഖേന മത്സ്യ പര്യ വേഷണത്തിനുവേണ്ടി ഇന്ധനവും സമയവും പാഴാക്കി കളയുന്നത് ഒഴിവാക്കാനും മത്സ്യത്തൊഴിലാളികൾക്കു കഴിയുന്നതാണ്.

ഭരണഘടനാ വ്യവസ്ഥയനുസരിച്ച് സമുദ്ര മത്സ്യബന്ധനം സംസ്ഥാന സർക്കാരുകളുടെ അധികാര പരിധിക്കുള്ളിലാണ്. ഈ മേഘലയുടെ പുരോഗതിക്കു വേണ്ടി സംസ്ഥാന സർക്കാരുകൾ ആവിഷ്ക്കരിച്ചു നടപ്പി ലാക്കിവരുന്ന വിവിധ പദ്ധതികൾക്കു പുറമേ കേന്ദ്രസർക്കാരിന്റെ സ്വന്തം

നിലയിലും സംസ്ഥാന സർക്കാരിന്റെ പങ്കാളിത്തത്തോടു കൂടിയും വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. ഉദാഹരണത്തിന് മത്സ്യ ഗവേഷണവും സംസ്ക്കരണവും പരി ശീലനവും നടത്തുന്ന കേന്ദ്രസ്ഥാപനങ്ങളും വൻകിട മത്സ്യബന്ധന തുറമുഖ ങ്ങളും കേന്ദ്രപദ്ധതികളാണ്. ഇടത്തരം മത്സ്യ ബന്ധന തുറമുഖങ്ങൾ, മത്സ്യ തൊഴിലാളി ഇൻഷുറൻസ്, തോണി കളുടെ യന്ത്രവൽക്കരണം, ഇന്ധന സബ്സിഡി, മത്സ്യത്തൊഴിലാളി ഭവന നിർമ്മാണ പദ്ധതി എന്നിവ കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരുകളും വിഹിതം പങ്കിട്ടുനടപ്പിലാക്കി വരുന്ന വയാണ്.

ഇങ്ങനെ വിവിധരംഗങ്ങളിലായി പടർന്നു പന്തലിച്ചു നിൽക്കുന്ന നമ്മുടെ സമുദ്ര മത്സ്യബന്ധനമേഘലയുടെ ശ്രദ്ധാപൂർവമായ ഉപയോഗം ലക്ഷോപ ലക്ഷം പേർക്ക് ജീവനോപായം ഉറപ്പുവരുത്തുന്നതിന് പുറമേ ഈ വിലപ്പെട്ട ജൈവ സമ്പത്തിനെ സംരക്ഷിക്കുകയും വർദ്ധിപ്പിക്കുകയും ചെയ്യേണ്ട ധാർമിക ഉത്തരവാദിത്വംകൂടി നമുക്കുണ്ട്.